പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3545** **10. 04. 2013-** ലെ മറുപടി

<u>സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം</u>

<u>ചോദ്യം</u>

<u>ശ്രീ. ഇ.പി. ജയരാജൻ</u>

<u>ശ്രീമതി കെ. കെ. ലതിക</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം ശക്തിപ്പെട്ടിരിക്കുന്നതിനാൽ അവിടെ തൊഴിലെടുക്കുന്ന എട്ട് ലക്ഷത്തോളം മലയാളികളുടെയും, കുടുംബാംഗങ്ങളുടെയും ആശങ്കയും; അവർ നാട്ടിലേക്ക് തിരികെ വന്നുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) തദ്ദേശവാസികൾക്ക തൊഴിൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ചെറുകിട വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ സൗദി അറേബ്യൻ സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പോകുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശവാസികൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതുമൂലം കേരളീയരായ പ്രവാസി തൊഴിലാളികൾ ഗുരുതരമായ തൊഴിൽ പ്രശ്നങ്ങൾ നേരിടുന്നതായോ തിരികെവന്നുകൊണ്ടിരിക്കുന്നതായോ ഉള്ള സ്ഥിതിവിശേഷം ഇപ്പോൾ ഉള്ളതായി കാണുന്നില്ല.

(ബി)'നിതാഖത്ത് സമ്പ്രദായം' ശക്തമാക്കിയതിനെത്തുടർന്ന്, സൗദി അറേബ്യയിലെ മലയാളികളായ ലക്ഷക്കണക്കിനാളുകൾ ദുരിതത്തിലായി കഴിയുന്ന പ്രത്യേക സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശിവത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ യാത്രാ

രേഖകളില്ലാത്ത, നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന കേരളീയർക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ എംബസ്സിയിൽ അപേക്ഷിച്ചവരുടെ വിലാസം പരിശോധിച്ച് എല്ലാ കളക്ടർമാരും 24 മണിക്കൂറിനകം ആവശ്യമായ പരിശോധനകൾ നടത്തി അവരെ തിരിച്ചറിഞ്ഞ് വ്യക്തിയെ

| | |
|---|---|
| | സാക്ഷ്യപ്പെടുത്തി എംബസ്സിക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഇതിനകം മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ കളക്ട്രേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എംബസ്സി നൽകുന്ന എക്സിറ്റ് പാസ് ഉപയോഗിച്ച് ഇവർക്ക് നാട്ടിലേക്ക് മടങ്ങാവുന്നതാണ്. ഇതിനു പുറമേ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്ന പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി മൂന്നു വിമാനത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചു. മാത്രമല്ല നോർക്ക-റൂട്ട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. തിരികെ എത്തുന്ന സൗദി അറേബ്യയിലേതുൾപ്പെടെയുള്ള പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് ഒരു സമഗ്ര പാക്കേജ്/പദ്ധതി തയ്യാറാക്കുന്നതിന് ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (സി)സൗദി അറേബ്യയിലെ ഇപ്പോഴത്തെ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെയും, നഷ്ടപ്പെടാനിടയുള്ളവരെയും സംബന്ധിച്ച കണക്കുകൾ നോർക്ക വകുപ്പിൽ ലഭ്യമായിട്ടുണ്ടോ? | (സി) സൗദി അറേബ്യയിലെ ഇപ്പോഴത്തെ സാഹചര്യത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവരുടെയും, നഷ്ടപ്പെടാനിടയുള്ളവരുടെയും കണക്കുകൾ നോർക്ക വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ